ഉത്തരം

(എ) 12.8.1997 മുതൽ പറക്കോട് പ്രവർത്തിച്ചുവരുന്ന നീതി ഗോഡൗൺ 16.61998-ൽ ഓമല്ലൂർ എന്ന സ്ഥലത്തേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ബി) പറക്കോട് നീതി ഗോഡൗൺ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന് യഥാസമയം അറ്റകുറ്റപണികൾ നടത്താത്തതിനാൽ ചോർച്ചയുണ്ടായിരുന്നു. ഓമല്ലൂരിൽ കൂടുതൽ സ്ഥലസൗകര്യം ഉള്ള കെട്ടിടത്തിലേക്കാണ് ഗോഡൗൺ മാറ്റിയത്. ഈ കെട്ടിടത്തിന് പറക്കോടിലെ കെട്ടിടത്തിനേക്കാൾ വാടകയും കുറവാണ് എന്നും ഈ കെട്ടിടം ജില്ലയുടെ മദ്ധ്യഭാഗത്തായതിനാൽ ട്രാൻസ്പോർട്ടേഷൻ ഇനത്തിലും ലാഭം ഉള്ളതായും രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

ജെ.ഡി.സി.ക്കാരെ നിയമിക്കാൻ നടപടി

178 (962)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ ക്ലാർക്ക് തസ്തികയിലെ നിയമനത്തിന് അടിസ്ഥാനയോഗ്യതയായി ജെ.ഡി.സി. സഹകരണ ചട്ടങ്ങളിലും നിയമത്തിലും വ്യവസ്ഥ ചെയ്തിട്ടും പല സംഘങ്ങളിലും ജെ.ഡി.സി.ക്കാർ നിയമനത്തിൽ പിന്തള്ളപ്പെടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന സഹകരണ യൂണിയന്റെ എംപ്ലോയ്മെന്റ് ബ്യൂറോയിൽനിന്നും താൽക്കാലികാടിസ്ഥാനത്തിലുള്ള നിയമനങ്ങളിൽപോലും പ്രാഥമിക സംഘങ്ങൾ ലിസ്റ്റ് ആവശ്യപ്പെടുമ്പോൾ ജെ.ഡി.സി.ക്കാരെ ഒഴിവാക്കി ലിസ്റ്റ് ആവശ്യപ്പെടുന്നതിനെക്കുറിച്ച് അന്വേഷിക്കുമോ;

(സി) ജെ.ഡി.സി.ക്കാരെ ഒഴിവാക്കിക്കൊണ്ട് ഇത്തരം സംഘങ്ങൾക്ക് യൂണിയൻ ലിസ്റ്റ് അയച്ചുകൊടുക്കുന്നതിനെക്കുറിച്ച് അന്വേഷിക്കുമോ;

(ഡി) കഴിഞ്ഞ 6 മാസങ്ങൾക്കുള്ളിൽ ഇങ്ങനെ എത്ര സഹകരണ സംഘങ്ങൾ ജെ.ഡി.സി.ക്കാരെ ഒഴിവാക്കി ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്; അവ ഏതെല്ലാം;

(ഇ) ജെ.ഡി.സി.ക്കാരെ ഒഴിവാക്കി ലിസ്റ്റ് ആവശ്യപ്പെടുന്ന ഇത്തരം സംഘങ്ങളുടെ ആവശ്യം നിരസിക്കുവാനും ഇതിന് പരിഹാരം കാണുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ ക്ലാർക്ക് തസ്തികയിലെ നിയമനങ്ങളിൽ ജെ.ഡി.സി.ക്കാർ പിന്തള്ളപ്പെടുന്നു എന്നുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി)&(സി) ഇത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി)&(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly